REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 15-11-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പ്രമുഖ ഗോത്ര വർഗ നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായ ഭഗവാൻ ബിർസ മുണ്ടയുടെ ജന്മദിനം ഇന്ന് രാജ്യം ജൻജാതീയ ഗൗരവ് ദിവസമായി ആഘോഷിക്കുന്നു.**
- **ഗോത്രവർഗക്കാർ കൂടി വികസിക്കുമ്പോൾ മാത്രമേ രാജ്യത്ത് യഥാർത്ഥ വികസനം സാധ്യമാകൂ എന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബിഹാറിലെ ജമുയി സന്ദർശിക്കും.**
- **പാലക്കാട് ഉപതെരഞ്ഞെടുപ്പിന് പരസ്യ പ്രചാരണം അവസാനിക്കാൻ നാല് നാൾ മാത്രം. പ്രചാരണം അവസാനഘട്ടത്തിലേക്ക്.**
- **സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് ഇന്ന് ആലപ്പുഴയിൽ തിരിതെളിയും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **മണ്ഡല മകരവിളക്ക് മഹോത്സവത്തിനായി ശബരിമല നട വൈകിട്ട് തുറക്കും.**
- **സംസ്ഥാനത്ത് തുടർച്ചയായി മൂന്നു മണിക്കൂറിൽ കൂടുതൽ ആനകളെ എഴുന്നള്ളിക്കരുതെന്ന് ഹൈക്കോടതി.**

## വാർത്തകൾ വിശദമായി

പ്രമുഖ ഗോത്ര വർഗ നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായ ഭഗവാൻ ബിർസ മുണ്ടയുടെ ജന്മദിനമായ ഇന്ന് രാജ്യം ജൻജാതീയ ഗൗരവ് ദിവസമായി ആഘോഷിക്കുന്നു.

ഗോത്രവർഗക്കാർ കൂടി വികസിക്കുമ്പോൾ മാത്രമേ രാജ്യത്ത് യഥാർത്ഥ വികസനം സാധ്യമാകൂ എന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ജൻജാതിയ ഗൗരവ് ദിവസിന്റെ തലേന്ന് രാജ്യത്തെ അഭിസംബോധന ചെയ്യവെ, ഗോത്ര വിഭാഗങ്ങളിലെ ജനങ്ങളുടെ ദ്രുതഗതിയിലെ പുരോഗതിയ്ക്കാണ് ദേശീയ മുൻഗണനയെന്നും രാഷ്ട്രപതി പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്

**.....വോയ്സ്......**

ആദിവാസി സമൂഹങ്ങളുടെ നൂറ്റാണ്ടുകൾ പഴക്കം വരുന്ന സ്വത്വങ്ങൾ തകരാതെ നിലകൊള്ളണമെന്നും, അവർ ആധുനിക വികസനത്തിന്റെ പാതയിൽ മുന്നേറണമെന്നാണ് രാഷ്ട്രം ആഗ്രഹിക്കുന്നതെന്നും രാഷ്ട്രപതി പറഞ്ഞു.

നിലവിലെ ഗവൺമെന്റ് ആദിവാസി വികസനത്തിന്റെയും ക്ഷേമത്തിന്റെയും യാത്ര അതിവേഗം മുന്നോട്ട് കൊണ്ടുപോകുകയാണെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

ഈ വർഷം രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജന്മദിനത്തിൽ ഭഗവാൻ ബിർസ മുണ്ടയുടെ നാട്ടിൽ നിന്ന് കേന്ദ്ര ഗവൺമെന്റ് ധർത്തി അബ ജൻജതി ഗ്രാം ഉത്കർഷ് അഭിയാൻ' ആരംഭിച്ചതായി രാഷ്ട്രപതി പറഞ്ഞു. 80,000 കോടി രൂപ വകയിരുത്തുന്ന ഈ കാമ്പെയ്നിന്റെ ലക്ഷ്യം ഓരോ ആദിവാസിക്കും ഗവൺമെന്റ് പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയാണെന്നും അവർ പറഞ്ഞു. അഞ്ച് കോടിയിലധികം ആദിവാസികൾക്ക് രാജ്യവ്യാപകമായി ഈ കാമ്പയിൻ പ്രയോജനപ്പെടുമെന്നും രാഷ്ട്രപതി അറിയിച്ചു.

✪✪✪

ജൻജാതിയ ഗൗരവ് ദിവസ് അനുസ്മരണവും ഭഗവാൻ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷിക ആഘോഷങ്ങളുടെ തുടക്കവും പ്രമാണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബിഹാറിലെ ജമുയി സന്ദർശിക്കും. ഭഗവാൻ ബിർസ മുണ്ടയുടെ സ്മരണാർത്ഥം നാണയവും തപാൽ സ്റ്റാമ്പും പ്രധാനമന്ത്രി പുറത്തിറക്കും. ഗ്രാമീണ, വിദൂര പ്രദേശങ്ങളിലെ ആദിവാസി സമൂഹങ്ങളുടെ വികസനത്തിനായി ആറായിരത്തി 640 കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും മോദി നിർവഹിക്കും.

പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാന് കീഴിൽ നിർമ്മിച്ച 11,000 ആവാസുകളുടെ ഗൃഹപ്രവേശത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും.

25ലധികം ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ തറക്കല്ലിടലും മോദി നിർവഹിക്കും.

✪✪✪

ജൻ ജാതിയ ഗൗരവ് ദിവസിനോട് അനുബന്ധിച്ച് സംസ്ഥാനതല ആഘോഷങ്ങളുടെ ഭാഗമായി ഇടുക്കിയിലെ മണ്ണക്കുടി കമ്മ്യൂണിറ്റി ഹാളിലും കാസർകോട് മാവിനക്കട്ട ഗ്രാമത്തിലും സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയാകും.

✪✪✪

ഇന്ന് ഗുരുനാനാക്ക് ജയന്തി. സിഖ് മതത്തിന് അടിത്തറ പാകിയ ആദ്യ സിഖ് ഗുരു ഗുരു നാനാക്ക് ദേവിന്റെ ജന്മദിനം ഗുരുപുരാബ് എന്ന പേരിലും ഇന്ത്യയിലും ലോകത്തെല്ലായിടത്തും ഇന്ന് മതപരമായ ആവേശത്തോടെ ആഘോഷിക്കുന്നു.

✪✪✪

ഒന്നാം ബോഡോലാൻഡ് മഹോത്സവം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ബോഡോലാൻഡിലും, അസം, പശ്ചിമ ബംഗാൾ, നേപ്പാൾ, വടക്കുകിഴക്കൻ മേഖലയിലെ അന്താരാഷ്ട്ര അതിർത്തി പ്രദേശങ്ങൾ എന്നിവിടങ്ങളിലും താമസിക്കുന്ന തദ്ദേശീയരായ ബോഡോ ജനതയെ സമന്വയിപ്പിക്കുകയാണ് മഹോത്സവം ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് പ്രസ്താവനയിൽ പറഞ്ഞു.

'സമൃദ്ധമായ ഭാരതത്തിന് സമാധാനവും ഐക്യവും' എന്നതാണ് മഹോത്സവത്തിന്റെ പ്രമേയം.

✪✪✪

പാലക്കാട് നിയമസഭാ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പ് പ്രചാരണം ആവേശകരമായ അവസാന ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. മുന്നണികളുടെ താര പ്രചാരകരുടെ നേതൃത്വത്തിലാണ് മണ്ഡലത്തിൽ പ്രചാരണം പുരോഗമിക്കുന്നത്. UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പാലക്കാട് വെസ്റ്റിൽ പ്രചാരണം നടത്തും. രാവിലെ മേട്ടൂത്തെരുവിൽ നിന്ന് ആരംഭിക്കും.

LDF സ്ഥാനാർഥി ഡോ. പി. സരിൻ ഇന്ന് മണ്ഡലത്തിലെ വോട്ടർമാരെ കണ്ട് വികസന നിർദ്ദേശങ്ങൾ സ്വീകരിക്കും. പരിപാടി രാവിലെ നഗരത്തിലെ ഓപ്പൺ ജിമ്മിൽ നിന്ന് ആരംഭിക്കും.

NDA സ്ഥാനാർഥി C. കൃഷ്ണകുമാർ ഇന്ന് വിധ്യുത് നഗറിൽ നിന്നാണ് പ്രചാരണം ആരംഭിക്കുക. സ്ഥാനാർത്ഥികളുടെ കുടുംബ യോഗങ്ങളിലും പൊതുപരിപാടികളിലും BJP സംസ്ഥാന നേതാക്കൾ പങ്കെടുക്കും.

✪✪✪

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് ഇന്ന് ആലപ്പുഴയിൽ തിരിതെളിയും. വൈകിട്ട് നാലുമണിക്ക് സെന്റ് ജോസഫ്സ് സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ആർ രവികുമാർ...

**........വോയ്സ്......**

കേരള സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് ഇന്ന് ആലപ്പുഴയിൽ തിരിതെളിയും 18 വരെ നീണ്ടു നിൽക്കുന്ന മേള വൈകിട്ട് നാലുമണിക്ക് സെന്റ് ജോസഫ്സ് സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

നഗരത്തിലെ അഞ്ച് സ്കൂളുകളാണ് ശാസ്ത്രോത്സവം നടക്കുന്നത്. വേദികളാവുക. പ്രധാന വേദിയായ സെന്റ് ജോസഫ് ഹൈസ്കൂളിൽ സാമൂഹികശാസ്ത്ര, ഐടി മേളകളും, ലിയോ തേർട്ടീന്ത് സ്കൂളിൽ ശാസ്ത്രമേളയും, ലജ്ജനത്തുൽ മുഹമ്മദീയ ഹൈസ്കൂളിൽ ഗണിതശാസ്ത്രമേളയും, എസ്.ഡി.വി.ബോയ്സ്,ഗേൾസ് സ്കൂളുകളിൽ പ്രവർത്തി പരിചയമേളയും നടക്കും. കരിയർ സെമിനാറു, കരിയർ എക്സിബിഷനും,കലാപരിപാടികളും ലിയോ തേർട്ടീന്ത് സ്കൂൾ ഗ്രൗണ്ടിലാണ് നടക്കുന്നത്.5,000 ത്തോളം വിദ്യാർത്ഥികൾ 180 ഓളം ഇനങ്ങളിലായാണ് സംസ്ഥാന സ്കൂൾ ശാസ്ത്രമേളയിൽ പങ്കെടുക്കുന്നത്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ.ജീവൻബാബു രാവിലെ ഒമ്പതു മണിക്ക് പതാക ഉയർത്തുന്നതോടെ സ്കൂൾ ശാസ്ത്രോത്സവത്തിന്റെ രജിസ്ട്രേഷൻ ആരംഭിക്കും.മേളയുടെ ഭാഗമായി വിളംബര ഘോഷയാത്ര നടന്നു

✪✪✪

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന കേരളോത്സവത്തിന് ഇന്ന് തുടക്കമാകും. ഗ്രാമപഞ്ചായത്ത് തലം മുതൽ സംസ്ഥാനതലം വരെയാണ് മത്സരങ്ങൾ നടക്കുക.

✪✪✪

കയർ വ്യവസായ മേഖലയുടെ വികസനത്തിന് സംസ്ഥാന ഗവൺമെന്റ് സഹകരണത്തോടെ കർമ്മ പദ്ധതി തയ്യാറാക്കണമെന്ന് കേന്ദ്ര സഹമന്ത്രി ശോഭ കരിന്തലജെ നിർദ്ദേശിച്ചു. കയർ മേഖലയുടെ വളർച്ച ലക്ഷ്യമാക്കിയുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്തണമെന്നും അവർ ആവശ്യപ്പെട്ടു.

കൊച്ചിയിൽ കയർ ബോർഡ് ആസ്ഥാനത്ത് നടത്തിയ അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

മണ്ഡല മകരവിളക്ക് മഹോത്സവത്തിനായി ശബരിമല നട ഇന്നു വൈകിട്ട് അഞ്ചിനു തുറക്കും. പുതിയ ശബരിമല, മാളികപ്പുറം മേൽശാന്തിമാരുടെ സ്ഥാനാരോഹണവും ഇന്നു നടക്കും. ജനുവരി 14നാണ് മകരവിളക്ക്.

ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്.

**......വോയ്സ്......**

ഇന്ന് വൈകിട്ട് അഞ്ചിന് മേൽശാന്തി  പി.എൻ മഹേഷ് നട തുറന്ന് ദീപം തെളിയിക്കും. ആഴിയിൽ അഗ്നിപകരുന്നതോടെ 18-ാം പടി കയറാൻ തീർഥാടകർക്ക് അനുമതിയും ലഭിക്കും. പുതിയ ശബരിമല, മാളികപ്പുറം മേൽശാന്തിമാരുടെ സ്ഥാനാരോഹണവും ഇന്ന് വൈകിട്ട് ആറിനു നടക്കും. തന്ത്രിമാരായ കണ്ഠര് രാജീവര്, കണ്ഠര് ബ്രഹ്മദത്തൻ എന്നിവരുടെ കാർമികത്വത്തിൽ ആദ്യം ശബരിമല മേൽശാന്തിയുടെയും പിന്നീട് മാളികപ്പുറം മേൽശാന്തിയുടെയും അഭിഷേകം നടക്കും. 30000 പേരാണ് വെർച്വൽ ക്യൂ വഴി ഇന്ന് ദർശനത്തിനായി ബുക്ക് ചെയ്തിട്ടുള്ളത്. 10000 പേർക്ക്

തത്സമയ ബുക്കിങ്ങും നടത്താം. ആധാർ രേഖകൾ നൽകിയാണ് തത്സമയ ബുക്കിങ് നടത്തേണ്ടത്.  ഇതിനായി പമ്പ, എരുമേലി, വണ്ടിപ്പെരിയാർ സത്രം എന്നിവിടങ്ങളിൽ പ്രത്യേകം കൗണ്ടറുകൾ  ഉണ്ടാകും. ഇക്കുറി 18 മണിക്കൂറാണ് ദർശന സമയം. പുലർച്ചെ മൂന്ന് മുതൽ ഉച്ചക്ക് ഒന്നുവരെയും ഉച്ചക്ക് മൂന്ന് മുതൽ രാത്രി 11 വരെയും ദർശനം നടത്താം. തിരക്ക് വർദ്ധിച്ചാൽ സമയം ഒരുമണിക്കൂർ കൂടി വർദ്ധിപ്പിക്കും. വൃശ്ചികപ്പുലരിയിൽ പുതിയ മേൽശാന്തിമാരാണ് നട തുറക്കുക. മണ്ഡലപൂജ ഡിസംബർ 26നാണ്. അന്ന് രാത്രി 11ന് നട അടയ്ക്കും. മകരവിളക്കിനായി ഡിസംബർ 30ന് വൈകിട്ട് അഞ്ചിന് നടതുറക്കും. ജനുവരി 14നാണ് മകരവിളക്ക്.

✪✪✪

രഥോത്സവത്തിന്റെ ആഘോഷത്തേരിലേറിയ കൽപാത്തിയിൽ ഇന്ന് ദേവരഥസംഗമം. രഥോത്സവം പ്രമാണിച്ച് ഇന്ന് പാലക്കാട് താലൂക്കിലെ ഗവൺമെന്റ് ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലി മുത്ത്...

**.....വോയ്സ്.....**

മൂന്ന് ദിവസങ്ങളിലായി ആഗ്രഹാര വീഥികളിൽ പ്രയാണം നടത്തുന്ന തേരുകൾ ഇന്ന് വൈകീട്ട് തേരുമുട്ടിയിൽ സംഗമിക്കും. ദേവരഥങ്ങൾ മുഖമുഖം അണിനിരക്കുന്ന ഈ മനോഹര കാഴ്ചയ്ക്ക്

സാക്ഷിയാകാൻ ആയിരങ്ങളാണ് അഗ്രഹാര വീഥികളിലേക്ക് ഒഴുകിയെത്തുക.

പഴയ കൽപ്പാത്തി, ചാത്തപുരം ക്ഷേത്രങ്ങളിൽ ഇന്ന് രാവിലെ രഥാരോഹണം നടക്കും. തുടർന്ന്.രഥപ്രയാണത്തിന് ശേഷം  നാല് ക്ഷേത്രങ്ങളിൽ നിന്നുള്ള 6 രഥങ്ങളാണ് വൈകീട്ട് തേരുമുട്ടിയിൽ സംഗമിക്കുക. തിരക്ക് നിയന്ത്രിക്കാൻ ഇന്ന് വൈകീട്ട് പ്രദേശത്തും പരിസരങ്ങളിലും ഗതാഗതം നിയന്ത്രിക്കും. സുരക്ഷയൊരുക്കാൻ പോലീസ് അഗ്നിരക്ഷാ സേനകളെയും ആരോഗ്യം, വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥരെയും നിയോഗിച്ചിട്ടുണ്ട്.രഥോത്സവത്തിന് നാളെ കൊടിയിറങ്ങായും.

✪✪✪

സംസ്ഥാനത്ത് തുടർച്ചയായി മൂന്നു മണിക്കൂറിൽ കൂടുതൽ  ആനകളെ എഴുന്നള്ളിക്കരുതെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു.  നിരത്തുകളിൽ രാവിലെ 9നും വൈകിട്ട് 5 നും ഇടയിൽ ആനകളെ ഉപയോഗിച്ചു  പരിപാടികൾ പാടില്ലെന്നും രാത്രി പത്തിനും നാലിനും ഇടയിൽ ആനകളെ കൊണ്ടുപോകരുതെന്നും ഹൈക്കോടതി പുറത്തിറക്കിയ മാർഗരേഖയിൽ പറയുന്നു. ഒരു ദിവസം 30 കിലോമീറ്ററിലധികം ആനകളെ നടത്തിക്കൊണ്ടു പോകരുതെന്നും, 125 കിലോമീറ്ററിലധികം ദൂരം വാഹനത്തിൽ കൊണ്ടുപോകരുതെന്നും മാർഗരേഖ നിർദ്ദേശിച്ചു. ആനകളെ കൊണ്ടുപോകുന്ന വാഹനങ്ങളിൽ സ്പീഡ് ഗവർണർ വേണമെന്നും 25 കിലോമീറ്റർ വേഗമേ പാടുള്ളൂ എന്നും കോടതി പറഞ്ഞു.

എഴുന്നള്ളിപ്പുകൾക്കിടയിൽ മതിയായ വിശ്രമം ഉണ്ടാകണമെന്നും ഇത് ബന്ധപ്പെട്ട ജില്ലാ സമിതി ഉറപ്പുവരുത്തണമെന്നും ജസ്റ്റിസ് AK ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് P ഗോപിനാഥ് എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചു.

✪✪✪

വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ, ക്രിസ്തുരാജത്വ തിരുനാൾ ആഘോഷത്തിന് ഇന്ന് വൈകിട്ട് കൊടിയേറും. ഈ മാസം 24 വരെ നടക്കുന്ന ആഘോഷത്തിൽ, ദിവ്യബലിയും, സമൂഹദിവ്യബലിയും നടക്കും.

വെട്ടുകാട് തിരുനാളിനോടനുബന്ധിച്ച് ഇന്ന് ഉച്ചയ്ക്ക് ശേഷം തിരുവനന്തപുരം, നെയ്യാറ്റിൻകര താലൂക്കുകളിലെ എല്ലാ ഗവൺമെന്റ് ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും തിരുവനന്തപുരം ജില്ലാ കളക്ടർ പ്രാദേശിക അവധി പ്രഖ്യാപിച്ചു.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാമത്തെയും അവസാനത്തെയും മത്സരം ഇന്ന്.

ജോഹന്നസ് ബർഗിലെ വാണ്ടറേഴ്സ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8.30 നാണു മത്സരം.

ഉദ്ഘാടന മത്സരത്തിൽ 61 റൺസിനും, മൂന്നാം മത്സരത്തിൽ 11 റൺസിനും ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി നാല് മത്സരപരമ്പരയിൽ രണ്ടെണ്ണം ജയിച്ച് ഇന്ത്യ മുന്നിട്ടു നിൽക്കുകയാണ്.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോൾ ചാമ്പ്യൻഷിപ്പിനു കേരള ടീമിനെ വൈകിട്ട് കോഴിക്കോട്ട് പ്രഖ്യാപിക്കും. കോർപ്പറേഷൻ സ്റ്റേഡിയത്തിൽ ബുധനാഴ്ച മുതലാണ് കേരളത്തിന്റെ പ്രാഥമിക മത്സരങ്ങൾ നടക്കുന്നത്.

✪✪✪

റേഷൻ കാർഡുകളിലെ തെറ്റു തിരുത്തുന്നതിനും പുതിയ വിവരങ്ങൾ ചേർക്കുന്നതിനുമായി പൊതുവിതരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തെളിമ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി GR അനിൽ രാവിലെ മണക്കാട് കുറ്റിക്കാട്ടെ 211ാം നമ്പർ റേഷൻ കടയിൽ നിർവഹിക്കും. എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. റേഷൻ കാർഡുകളിലെ തെറ്റ് തിരുത്തുന്നതിന് സിവിൽ സപ്ലൈസ് ഓഫീസുകളിൽ പോകാതെ റേഷൻകടകളിൽ സ്ഥാപിച്ച ഡ്രോപ്പ് ബോക്സുകളിൽ അപേക്ഷകൾ നിക്ഷേപിക്കാം. അടുത്ത മാസം 15 വരെ റേഷൻകാർഡ് ഉടമകൾക്ക് ഇതിനു അവസരം ലഭിക്കും.

✪✪✪

സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിൽ അടുത്ത മാസം പത്തിന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. മലപ്പുറം ജില്ലാ പഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ പതിനൊന്ന് ജില്ലകളിലായി നാല് ബ്ലോക്ക്പഞ്ചായത്ത് വാർഡുകളിലും, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകളിലും, 23 ഗ്രാമപഞ്ചായത്ത് വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നതെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.

നാമനിർദേശ പത്രിക ഈ മാസം 22 വരെ സമർപ്പിക്കാം.

✪✪✪